കൊടുക്കാം. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കീഴിലുള്ള ലൈസൻസിംഗ് ബോർഡാണ് ഇത് നല്കുന്നത്. വയറിംഗ് ചെയ്തുകഴിഞ്ഞാൽ അവർക്ക് അതിനുള്ള ഒരു രജിസ്റ്ററുണ്ട്. കോൺട്രാക്ടർമാർ ആ രജിസ്റ്റർ സൂക്ഷിക്കുകയും അത് സെക്ഷൻ ഓഫീസിൽ ഏല്പിക്കുകയും ചെയ്യണം. അതിൽതന്നെ അവരുടെ തെറ്റുകൾ കണ്ടെത്താനും അല്ലാത്തത് പരിശോധിക്കാനും സാധിക്കും. ഏതായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ ശരിയാണ്. കൂടുതൽ കാര്യക്ഷമമായി ഇതിന്റെ പരിശോധന നടത്താൻവേണ്ടി പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(27) ധനസഹായം നല്കുന്നതിലെ കാലതാമസം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്കുള്ള ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനായി സംസ്ഥാന സർക്കാർ 2014-15 സാമ്പത്തികവർഷം 2202/2-109/70 പ്ലാൻ ശീർഷകത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുള്ള ഭരണാനുമതി ജി.ഒ.(എം.എസ്.) നമ്പർ 25/741/2014/പൊ.വി. 17-11-2014 പ്രകാരം നല്കുകയും 12 കോടി രൂപ വിതരണം ചെയ്യുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും ക്ലിയറൻസ് ലഭിച്ചതിനുശേഷം തുക അർഹതപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. മുൻവർഷം പ്രസ്തുത സാമ്പത്തികസഹായം 2011 ഡിസംബറിലാണ് വിതരണം ചെയ്തത്. ഈ വർഷം തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടതായി കാണുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണന്റെ സബ്മിഷൻ ഒരു മാതൃകയാക്കാവുന്നതാണ്.

(28) കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കൊമേഴ്സ് അദ്ധ്യാപകരുടെ തസ്തികകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി സ്കൂളുകളിൽ കോമേഴ്സ് വിഭാഗം അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഗസ്റ്റ് അദ്ധ്യാപകരെവച്ചാണ് ക്ലാസ്സുകൾ ഇപ്പോൾ എടുത്തു കൊണ്ടിരിക്കുന്നത്. ഗവ. എച്ച്.എസ്.എസ്.ടി. കോമേഴ്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ട് നാലുമാസമായി. ഇതുവരെയും ഒരാളെപ്പോലും നിയമിക്കാൻ വിദ്യാഭ്യാസ വകുപ്പ് യാതൊരു നടപടിയുമെടുത്തിട്ടില്ല. ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ കൊമേഴ്സ് വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ ചേരാനാഗ്രഹിക്കുന്നത്. എന്നാൽ യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവം മൂലം വിദ്യാർത്ഥികൾ ഗവൺമെന്റ് സ്കൂളുകളിൽ ചേരാൻ മടിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കണം. ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ അടിയന്തര നടപടിയുണ്ടാകണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കേണ്ട ഒഴിവുകളിൽ 32 എണ്ണം എച്ച്.എസ്.എസ്.ടി. കോമേഴ്സിന്റെയും 9 എണ്ണം മുൻ ലിസ്റ്റിൽനിന്നും നിയമന ശിപാർശ ലഭിച്ച എൻ.ജെ.ഡി. ഒഴിവുകളുമാണ്. എച്ച്.എസ്.എസ്.ടി. ജൂനിയർ കോമേഴ്സിന്റെ 357 ഒഴിവുകളും മുൻ ലിസ്റ്റിൽ നിന്ന് നിയമന ശുപാർശ ലഭിച്ച 34 എൻ.ജെ.ഡി. ഒഴിവുകളും ഹയർ സെക്കൻഡറി ഡയറക്ടർ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത രണ്ടു വിഭാഗം അദ്ധ്യാപക തസ്തികകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും കമ്മീഷൻ നാളിതുവരെ നിയമന നിർദ്ദേശം ലഭ്യമാക്കിയിട്ടില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കോമേഴ്സ് വിഷയത്തിൽ നോൺ-വൊക്കേഷണൽ സീനിയർ അദ്ധ്യാപകരുടെ ആകെ 162 തസ്തികകളാണുള്ളത്. ഇതിൽ നിലവിലുള്ള 21 ഒഴിവുകളിൽ 17 എണ്ണം നേരിട്ടുള്ള നിയമനവും 4 എണ്ണം പ്രൊമോഷൻ മുഖേനയും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ കോമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപകരുടെ തസ്തികകളോ അതുസംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജ്ഞാപനമോ ഇല്ല. നോൺ-വൊക്കേഷണൽ ടീച്ചേഴ്സ് കോമേഴ്സ് സീനിയർ എച്ച്.എസ്.എസ്.ടി.-യുടെ റാങ്ക് ലിസ്റ്റ് 24-9-2014-ൽ നിലവിൽ വന്നിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഇതുവരെ നിയമന ശിപാർശ ലഭിച്ചിട്ടില്ല. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതാണ്.